
CHRISTIAN
MUSICOLOGICAL
SOCIETY OF INDIA



കല്ലിൽ കൊത്തിയെടുത്തതും കടുത്തുരുത്തിയിൽ സൂക്ഷിക്കുന്നതുമായ പുരാതന മാമ്മോദീസാത്തൊട്ടി. ഇതിലെ ബൈബിൾ പശ്ചാത്തലങ്ങളും ചിത്രാലങ്കാരങ്ങളും ശ്രദ്ധേയമാണ്. ചിത്രത്തിലേതു പോലെ വലിയ മാമ്മോദീസാത്തൊട്ടികളിൽ ഇറങ്ങിയിരുന്ന് മാമ്മോദീസാ സ്വീകരിക്കുന്ന പതിവാണ് മാർത്തോമ്മാ ക്രിസ്ത്യാനികൾക്കുണ്ടായിരുന്നത്.

---

**അടുത്തുവരുന്ന ലക്കങ്ങളിലെ പ്രധാന ചർച്ചാവിഷയം:**

## വിശുദ്ധ കുർബാന

പരിശുദ്ധ സിംഹാസനത്തിൽനിന്നും ഔദ്യോഗികമായി ഈയിടെ, കുർബ്ബാന തക്സാ സംബന്ധിച്ചു ലഭിച്ച സുവ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിലാണ് ഈ പഠനം.

ഈ ചർച്ചയിൽ പ്രഗൽഭരായ ദൈവശാസ്ത്രപണ്ഡിതന്മാർ പങ്കെടുക്കുന്നു.

---

വാല്യം 3
മെയ് 1983
ലക്കം 5

# ദുക്റാന

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY of INDIA

# തിരുസ്സഭാചരിത്രം

എഡിററർ: ഡോ. സേവ്യർ കൂടപ്പുഴ

പരിഷ്കരിച്ച രണ്ടാം പതിപ്പ്

ആയിരത്തോളം പേജുകൾ

തിരുസ്സഭയുടെ ഇരുപതു നൂററാണ്ടുകളിലെ ചരിത്രം

## 1983 സെപ്റ്ററംബർ 8-ന് പ്രസിദ്ധീകരിക്കുന്നു

നാല്പതിൽപരം അദ്ധ്യായങ്ങൾ; കാലിക്കോബയിൻറിംഗ്, മേനിക്കടലാസിൽ സുന്ദരമായ അച്ചടി.

### വമ്പിച്ച പ്രീ പബ്ളിക്കേഷൻ സൗജന്യം

യഥാർത്ഥ വില 55 രൂപ. പ്രീ പബ്ലിക്കേഷൻ വില 35 രൂപാ മാത്രം. (1983 മെയ് 15 വരെ)

- ഈ സൗജന്യം ആദ്യത്തെ 2000 കോപ്പികൾക്കു മാത്രം
- 10 കോപ്പി എടുക്കുന്നവർക്ക് ഒരു കോപ്പി സൗജന്യം
- ഗ്രന്ഥശാലകൾക്ക് പ്രത്യേക ഇളവുകൾ

മണിയോർഡറുകളും കത്തിടപാടുകളും

"തിരുസ്സഭാചരിത്രം"
ഓറിയൻറൽ ഇൻസ്റ്റിട്യൂട്ട് പബ്ലിക്കേഷൻസ്
സെൻറ് തോമസ് സെമിനാരി, വടവാതൂർ P. O.
കോട്ടയം—686010

### നിങ്ങൾ എന്തുകൊണ്ടു "തിരുസ്സഭാചരിത്രം" വാങ്ങണം?

ഒററ വാല്യത്തിൽ സഭയെ സംബന്ധിച്ച ഒരു സർവ്വവിജ്ഞാനകോശമാണിതു്; താരതമ്യേന കുറഞ്ഞ വിലയും. 55 രൂപ വിലയുള്ള ഈ ബൃഹദ്ഗ്രന്ഥം ഇപ്പോൾ 35 രൂപക്കു ലഭിക്കുന്നു. ഡോ. സേവ്യർ കൂടപ്പുഴയുടെ അനേകവർഷത്തെ കഠിനാദ്ധ്വാനത്തിൻെറ ഫലമാണിതു്.

ഓരോ ക്രൈസ്തവകുടുംബത്തിനും അഭിമാനിക്കാവുന്ന സമ്പത്തു്
ഓരോ സന്യാസസ്ഥാപനത്തിനും അവശ്യം വേണ്ട
റഫറൻസ് ഗ്രന്ഥം
ഓരോ മതാദ്ധ്യാപകനും ചരിത്രവിദ്യാർത്ഥിക്കും അപരിത്യാജ്യം
ഓരോ വൈദികനും സഭാസ്നേഹിക്കും അമൂല്യമിത്രം

ഇന്നുതന്നെ പണമടച്ച് സ്വന്തമാക്കുക.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY of INDIA


# ദുക്റാന ആരാധന

പുസ്തകം 3 | 1983 മെയ് | ലക്കം 5





## പുതിയ ജീവവായു ശ്വസിക്കുക

‘ശുദ്ധവായു ശ്വസിക്കണം’ എന്ന ആരോഗ്യനിയമം അറിഞ്ഞുകൂടാത്തവരായി നമ്മുടെയിടയിൽ ആരുമില്ല. പൊടിയും പുകയും നിറഞ്ഞ അന്തരീക്ഷത്തിൽ നിന്നും നാം ഓടിയകലുന്നു. ദുർഗന്ധമലീമസമായ കാററു വീശുമ്പോൾ നാം മൂക്കു പൊത്തുന്നു. വിഷവായു വീശുന്നിടത്തു നിന്നും കഴിവതും വേഗം രക്ഷപെടുന്നു. കാരണം, നമുക്കു ശുദ്ധവായുവേണം. വിഷവായുവേററാൽ നിമിഷങ്ങൾക്കകം നാം മരിച്ചു വീഴും. ഒരു ദിവസത്തേയ്ക്കോ ഒരു മാസത്തേയ്ക്കോ പോരല്ലോ നമുക്കു ശുദ്ധവായു. അനുനിമിഷം ശുദ്ധവായു ശ്വസിക്കുകയും അശുദ്ധവായു ഉഛ്വസിക്കുകയും വേണം. പഴയ വായുകൊണ്ടു ജീവിക്കാനാവുകയില്ല. സദാ പുതിയ വായു വേണം. ക്രൈസ്തവജീവിതവും ഇതുപോലെ തന്നെ. ക്രിസ്തുവിലുള്ള വിശ്വാസത്താൽ നാം നിമി

www.TheCMSIndia.org

# പുതിയ വിശ്വാസവും പുതിയ ജീവിതവും

ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെയും പുനരുത്ഥാനത്തിന്റെയും സ്മരണകൾ നവീകരിക്കാനും സഭാംഗങ്ങളിൽ വിശ്വാസവും ആത്മീയ ചൈതന്യവും ശ്രദ്ധമൂലമാക്കാനും വേണ്ടി 1983, വിശുദ്ധവത്സരമായി പരി. പിതാവ് ജോൺ പോൾ രണ്ടാം മാർപാപ്പാ പ്രഖ്യാപിച്ചിരിക്കുകയാണ്. 1983 മാർച്ച് 25–ാം തീയതിയാണ് ഈ പ്രഖ്യാപനം നടന്നത്. സെന്റ് പീറ്റേഴ്സ് ബസിലിക്കായുടെ കുമ്മായവും കല്ലുംകൊണ്ട് കെട്ടിപ്പടുത്ത പുറംവാതിൽവെട്ടിത്തുറക്കുന്ന ഒരു അപൂർവ്വാഘോഷത്തോടനുബന്ധിച്ചായിരുന്നു ഈ പ്രഖ്യാപനം. ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ 1950–ാം വാർഷികമെന്ന നിലയ്ക്കാണ് 1983 വിശുദ്ധവർഷമായി പ്രഖ്യാപിക്കുന്നത്. ക്രിസ്തുവിന്റെ കുരിശാരോഹം എ. ഡി. 33–ൽ സംഭവിച്ചുവെന്നുള്ളതിനെ ഭംഗ്യന്തരേണ ശരിവയ്ക്കുകകൂടിചെയ്യുന്ന ഈ വിശുദ്ധ വത്സരപ്രഖ്യാപനം. ക്രിസ്തുവിന്റെ കുരിശുമരണത്തിന്റെ സ്മരണ സജീവമായി ഈ ആണ്ടുവട്ടം മുഴുവൻ പുലർത്തുന്നതിനും തദ്വാര, കുരിശിതനായ ഈശോയോടുള്ള ഭക്തി നമ്മുടെ ജീവിത ശൈലിയായിത്തീരുന്നതിനും വേണ്ടിയാണ് 1983 വിശുദ്ധവർഷമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ നാം എന്താണു ചെയ്യേണ്ടത്? നാം ചെയ്യേണ്ടതെന്തെന്ന് വി: പൗലോസ്ശ്ലീഹ കൊളോസോസ്കാർക്കു എഴുതിയ ലേഖനത്തിലൂടെ നമുക്കു വ്യക്തമാക്കി തന്നിരിക്കുന്നു.

''കർത്താവായ ഈശോയെ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതിനാൽ അവനിൽ ജീവിക്കുവിൻ. അവനിൽ വേരുറപ്പിക്കപ്പെട്ടും പണിതുയർത്തപ്പെട്ടും നിങ്ങൾ സ്വീകരിച്ച വിശ്വാസത്തിൽ ദൃഢത പ്രാപിച്ചുംകൊണ്ട് അനർഗ്ഗളമായ കൃതജ്ഞതാപ്രകാശനത്തിൽ മുഴുകുവിൻ. ക്രിസ്തുവിനു യോജിക്കാത്തതും ഭൗതിക ചൈതന്യത്തിനും മാനുഷിക പാരമ്പര്യത്തിനും മാത്രം ചേർന്നതുമായ വ്യർത്ഥപ്രലോഭനത്തിനും തത്വ ചിന്തയ്ക്കും ആരും നിങ്ങളെ ഇരയാക്കാതിരിക്കുവാൻ ശ്രദ്ധിക്കണം........

ജ്ഞാനസ്നാനം വഴി നിങ്ങൾ ഈശോയോടൊപ്പം സംസ്കരിക്കപ്പെട്ടു. മരിച്ചവരിൽ നിന്ന് അവനെ ഉയിർപ്പിച്ച ദൈവത്തിന്റെ പ്രവർത്തനത്തിലുള്ള വിശ്വാസം നിമിത്തം നിങ്ങൾ അവനോടുകൂടി ഉയിർപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു''.

ഈ വിശുദ്ധവത്സരത്തിന്റെ സന്ദേശം നമുക്കും സ്വീകരിക്കുക. ക്രിസ്തുവിനോടൊപ്പം ഉയർപ്പിക്കപ്പെട്ട നമുക്കു ക്രിസ്തു വസിക്കുന്ന ഉന്നതങ്ങളിലുള്ളവയെ മേലിൽ അന്വേഷിക്കാം.

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

# ഇതളുകളിൽ


പുതിയ ജീവവായു ശ്വസിക്കുക

ജ്ഞാനസ്നാനത്തിൽ നിന്നും ഒരു ജനനം!
സുറിയാനി പാരമ്പര്യത്തിൽ. 4
—ഡോ. ജേക്കബ് വെള്ളിയാൻ

രണ്ടുതിരുനാളുകളുടെ പുണ്യകാലം—ശ്ലീഹാക്കാലം 10
—ഡോ. വർഗീസ് പാത്തികുളങ്ങര. സി. എം. ഐ

'നർസായി' തുടങ്ങിയവർ ജ്ഞാനസ്നാനത്തെപ്പററി. 15
—വർഗീസ് പാലത്തിങ്കൽ

പരിമള ധൂപം. 21
—ജോർജ്ജ് കുടിലിൽ

മാമ്മോദീസാ 'ഡിഡാക്കെ'യിൽ 25
—ജോസഫ് മണക്കളം

ഞങ്ങളെ ശക്തരാക്കണമെ! 27
—ഡോ. ജോർജ്ജ് പാവാനിക്കുന്നേൽ

ആസ്സാമിലെ മതപരമായ ആഘോഷങ്ങൾ. 30
—സി. ജോസ്ട്രീസാ. S. H, ആസ്സാം

വാർത്താലോകം 35


---

ഷംപ്രതി നവീകരിക്കപ്പെടണം. പണ്ടെങ്ങോ ബുദ്ധികൊണ്ടും അറിവുകൊണ്ടും നേടിയ വിശ്വാസത്തിൻെറ ഒരംശം തലയിലെങ്ങോ സൂക്ഷിച്ചതുകൊണ്ടായില്ല. നമ്മുടെ വിശ്വാസ ജീവിതത്തെ ക്ഷയിപ്പിച്ചുകളയുന്ന നൂറുനൂറു കാര്യങ്ങൾ കൊണ്ട് നാം ജീവിക്കുന്ന അന്തരീക്ഷം മലീമസമായിരിക്കുന്നു. പുതിയ ജന്മത്തിലും പുതിയഭാവത്തിലും അസത്യവും വഞ്ചനയും അതിമോഹവും അതിക്രമവും അസൂയയും പകയും ചുഴലിക്കാററുപോലെ ചുററി അടിക്കുന്നു. പരാജയവും പട്ടിണിയും നിരാശയും രോഗവും കൊടുങ്കാററായി വീശുന്നു. ഈ വിഷവായു നാം ഉൾക്കൊള്ളുന്ന വിശുദ്ധ വിശ്വാസത്തെ മലിനമാക്കുന്നു. ക്രിസ്തുവിലുള്ള വിശ്വാസം നിമിഷം പ്രതി ശ്വസിച്ചുകൊണ്ടു ഈ അവിശുദ്ധ വിശ്വാസത്തെപുറന്തള്ളണം.

ക്രിസ്തുവിൽ വിശ്വസിക്കുന്നവൻെറ ഹൃദയത്തിൽ നിന്നു് വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതുപോലെ ജീവജലത്തിൻെറ അരുവികൾ പൊട്ടിഒഴുകും. അതിനൊരുപായമേ ഉള്ളു വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കാനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കുക.

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information regarding this text Please contact:

*info@thecmsindia.org*

*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART